## പതിനാലാം കേരള നിയമസഭ

# പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

**ഒൻപതാമത് റിപ്പോർട്ട്**

(2020 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

# പതിനാലാം കേരള നിയമസഭ

# പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി
# (2019-2021)

## ഒൻപതാമത് റിപ്പോർട്ട്

(2020 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

451/2020.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി

## (2019-2021)

### ഘടന

അദ്ധ്യക്ഷൻ:

ശ്രീ. ചിറ്റയം ഗോപകുമാർ.

അംഗങ്ങൾ:

ശ്രീ. കെ. ആൻസലൻ

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. വി. ജോയി

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. പി. കെ. ശശി.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., അണ്ടർ സെക്രട്ടറി.

## ആമുഖം

പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ (2019-2021) അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2020 മാർച്ച് 10-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

ചിറ്റയം ഗോപകുമാർ,

*അദ്ധ്യക്ഷൻ,*

*പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2020 മാർച്ച്, 13.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയുടെ പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി(2014-2016)യുടെ പത്താമത് റിപ്പോർട്ട് (പിന്നോക്ക വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് സമ്പ്രദായം പരിഷ്കരിക്കുന്നത് സംബന്ധിച്ച്) 2014 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി പ്രസ്തുത റിപ്പോർട്ടിൽ 12 ശിപാർശകൾ ആണ് ഉണ്ടായിരുന്നത്.

റിപ്പോർട്ടിന്റെ അച്ചടിച്ച പകർപ്പുകൾ അവയിലെ ശിപാർശ/നിർദ്ദേശങ്ങളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി 25-3-2015-ന് സർക്കാരിലേക്ക് അയച്ച് കൊടുത്തു. 12 ശിപാർശകൾക്കും ലഭിച്ച മറുപടികൾ 17-7-2018, 29-8-2019 എന്നീ തീയതികളിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളും ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ.

### ശിപാർശ 1

പിന്നോക്ക സമുദായങ്ങൾക്ക് നൽകിവരുന്ന സ്കോളർഷിപ്പിന്റെ വാർഷിക വരുമാന പരിധിയും സ്കോളർഷിപ്പ് തുകയും കാലാനുസൃതമായി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

[ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് 1-2-2019-ലെ സി2/134/2016/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

ഉന്നതവിദ്യാഭ്യാസ വകുപ്പ് മുഖേന പിന്നാക്ക സമുദായങ്ങൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ വാർഷിക വരുമാന പരിധിയും സ്കോളർഷിപ്പ് തുകയും കാലാനുസൃതമായി ഉയർത്തുന്നതും ആയത് പുതുക്കി നിശ്ചയിക്കുന്നതും സർക്കാരിന്റെ സജീവ പരിഗണനയിലുള്ള വിഷയമാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റ് മുഖേന നൽകുന്ന സ്കോളർഷിപ്പുകളായ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് എന്നിവ ഉയർത്തേണ്ടത് കേന്ദ്ര സർക്കാർ തലത്തിലാണ്.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് 21-4-2017-ലെ 34/എ 2/2015/പി.സ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്]

പിന്നാക്ക സമുദായങ്ങൾക്ക് നൽകി വരുന്ന പ്രധാന വിദ്യാഭ്യാസാനുകൂല്യങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു:

i. ഒ.ഇ.സി. പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം

ii. ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം

iii. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS)

iv. ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS)

ഇതിൽ ആദ്യ രണ്ട് സ്കീമുകളും സംസ്ഥാനത്തെ ഒൻപത് മറ്റർഹവിഭാഗ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് സാമ്പത്തിക പരിഗണന കൂടാതെ നൽകുന്നതാണ്. പിന്നാക്ക സമുദായങ്ങളിലെ 30 സമുദായങ്ങൾക്ക് 6 ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി സമാന ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ഈ സമുദായങ്ങൾ ഒ.ഇ.സി.യിൽ ഉൾപ്പെടുന്നില്ല. വരുമാന പരിധി ഇനിയും ഉയർത്തേണ്ട സാഹചര്യവുമില്ല.

3, 4 സ്കീമുകൾ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. ആയതിനാൽ കേന്ദ്ര മാനദണ്ഡങ്ങളാണ് ബാധകം. നിലവിലുള്ള വരുമാന പരിധി പ്രീമെട്രിക് തലത്തിൽ 44,500-ഉം പോസ്റ്റ്മെട്രിക് തലത്തിൽ 1 ലക്ഷവും ആണ്.

ശിപാർശ 2

സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

[ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് 1-2-2019-ലെ സി2/134/2016/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

ഉന്നതവിദ്യാഭ്യാസ വകുപ്പ് മുഖേന നൽകിവരുന്ന മേൽപ്പറഞ്ഞ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ചിട്ടുണ്ട്.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് 21-4-2017-ലെ 34/എ 2/2015/പി.സ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്]

പരമാവധി ലഘൂകരിച്ച മാനദണ്ഡങ്ങളാണ് സ്കോളർഷിപ്പുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന സ്കീമുകളിൽ ജാതിയും വരുമാനവും മാത്രമാണ് പരിഗണിക്കുന്ന മുഖ്യ ഘടകം. കേന്ദ്ര സ്കീമുകളിൽ കേന്ദ്ര മാനദണ്ഡങ്ങളാണ്, അവയും ലളിതമാണ്.

ശിപാർശ 3

അദ്ധ്യായന വർഷത്തിന്റെ ആരംഭത്തിൽ തന്നെ സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിക്കുകയും അവയുടെ പരിശോധനാ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്ത് സ്കോളർഷിപ്പ് വിതരണത്തിലെ കാലതാമസം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

[ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് 1-2-2019-ലെ സി2/134/2016/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

അദ്ധ്യായന വർഷം ആരംഭിച്ച് ഓരോ കോഴ്സുകൾക്കുമുള്ള വിദ്യാർത്ഥികളുടെ പ്രവേശനം അവസാനിപ്പിച്ചതിനുശേഷം വിജ്ഞാപനം പുറപ്പെടുവിച്ച് സമയബന്ധിതമായി തന്നെ സ്കോളർഷിപ്പിന്റെ വിതരണം സുഗമമായി ചെയ്തു വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ കേന്ദ്ര ന്യൂനപക്ഷ ക്ഷേമ കാര്യ മന്ത്രാലയത്തിന്റെ സമയക്രമത്തിന് വിധേയമായി സ്വീകരിച്ച് മറ്റ് തുടർ നടപടികൾക്കായി ഓൺലൈൻവഴി കൈമാറുകയും ചെയ്യുന്നുണ്ട്.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് 21-4-2017-ലെ 34/എ 2/2015/പി.സ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

അക്കാദമിക് വർഷാരംഭത്തിൽ തന്നെ ഒ.ഇ.സി. പ്രീമെട്രിക്, പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്. ഇത് ഒരു ധന സഹായ പദ്ധതിയായതിനാൽ ആദ്യം തന്നെ നൽകുന്നതിന് തടസ്സമില്ല. മതിയായ ഫണ്ടിന്റെ അഭാവത്തിൽ പൂർണ്ണമായും ആദ്യം തന്നെ നൽകുന്നതിന് സാധിക്കുന്നില്ലായെന്ന പരിമിതി നിലനിൽക്കുന്നുണ്ട്. പരമാവധി വേഗത്തിൽ തന്നെ തുക നൽകുന്നതിന് ശ്രമിക്കുന്നുണ്ട്.

എന്നാൽ ഒ.ബി.സി. പ്രീമെട്രിക്, പോസ്റ്റ്മെട്രിക് സ്കീമുകൾ സ്കോളർഷിപ്പ് സ്കീമായതിനാലും കേന്ദ്ര ഫണ്ട് ലഭിക്കേണ്ടതിനാലും അക്കാദമി വർഷരംഭത്തിൽ തന്നെ നൽകുന്നതിന് സാധിക്കില്ല. കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷ ക്ഷണിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അപേക്ഷകരിൽ കൂടുതൽ മികവുറ്റവരെ കണ്ടെത്തി മാത്രമേ ആനുകൂല്യം അനുവദിക്കാനാവൂ. ടി സാഹചര്യത്തിൽ അക്കാദമിക വർഷത്തിന്റെ രണ്ടാം പാദത്തോടെ മാത്രമേ ആനുകൂല്യം അനുവദിക്കാനാവൂ.

## ശിപാർശ 4

ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

[ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് 1-2-2019-ലെ സി2/134/2016/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ പഠിക്കുന്ന പിന്നാക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും, കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നുണ്ട്.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് 21-4-2017-ലെ 34/എ 2/2015/പി.സ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

ഹയർ സെക്കന്ററി/വെക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ നിലവിൽ കേന്ദ്ര പദ്ധതിയായ ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പുതിയ സ്കോളർഷിപ്പ് ആരംഭിക്കേണ്ടതില്ല.

[പൊതുവിദ്യാഭ്യാസ (എസ്.സി.) വകുപ്പ് 14-1-2016-ലെ 33924/എസ്.സി.3/2015/പൊ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള ബി.പി.എൽ. സ്കോളർഷിപ്പ് മാത്രമേ നൽകി വരുന്നുള്ളൂ. വിദ്യാർത്ഥികൾക്കുള്ള മറ്റ് സ്കോളർഷിപ്പുകൾ മറ്റ് വകുപ്പുകൾ മുഖാന്തരമാണ് നൽകിവരുന്നത്. സ്കോളർഷിപ്പുകൾ സമയബന്ധിതമായി ലഭ്യമാക്കുവാനും അധ്യാപക രക്ഷകർത്തൃ പൊതുയോഗങ്ങളിൽ സ്കോളർഷിപ്പുകളെക്കുറിച്ച് ബോധവൽക്കരണം നടത്തുവാനും ഇവ അപേക്ഷിക്കേണ്ട സമയത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുവാനും അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താനും എല്ലാ വൊക്കോഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾമാർക്കും വകുപ്പുതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശിപാർശ 5

ഉന്നത വിദ്യാഭ്യാസ തലത്തിൽ എല്ലാ പിന്നോക്ക സമുദായക്കാരെയും സ്കോളർഷിപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് 21-4-2017-ലെ 34/എ 2/2015/പി.സ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

ഉന്നത വിദ്യാഭ്യാസ തലത്തിൽ എല്ലാ പിന്നാക്ക സമുദായങ്ങളും സ്കോളർഷിപ്പ് പരിധിയിൽ വരുന്നുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

ശിപാർശ 6

സ്കോളർഷിപ്പിനെക്കുറിച്ചുള്ള അറിയിപ്പുകൾ യഥാസമയം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പത്ര മാധ്യമങ്ങൾ എന്നിവയിലൂടെ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

[ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് 1-2-2019-ലെ സി2/134/2016/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകളെ സംബന്ധിച്ചുള്ള അറിയിപ്പുകൾ യഥാസമയം പത്രമാധ്യമങ്ങളിലൂടെയും ദൃശ്യ-ശ്രാവ്യ, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും നൽകാറുണ്ട്.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് 21-4-2017-ലെ 34/എ 2/2015/പി.സ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്]

അറിയിപ്പുകൾ യഥാസമയം തന്നെ സ്കൂൾ, കോളേജ് അധികൃതർ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെ നൽകുന്നുണ്ട്.

ശിപാർശ 7

സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം കാര്യക്ഷമമാക്കണമെന്നും ഈ സംവിധാനത്തിലൂടെ അപേക്ഷിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

[ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് 1-2-2019-ലെ സി2/134/2016/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾക്കെല്ലാം തന്നെ ഓൺലൈൻ സംവിധാനത്തിലൂടെയാണ് അപേക്ഷിക്കേണ്ടത്. ഇതിന്റെ അറിയിപ്പുകളും, മാർഗ്ഗ നിർദ്ദേശങ്ങളും പത്രത്തിലൂടെയും ദൃശ്യ-ശ്രവ്യ, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും നൽകുന്നുണ്ട്. വിശദവിവരങ്ങൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ വെബ്സൈറ്റിലും ലഭ്യമാണ്. കൂടാതെ NSP 2.0 എന്ന വെബ്പോർട്ടൽ വഴിയാണ് കേന്ദ്ര സർക്കാർ നൽകുന്ന ന്യൂനപക്ഷ സ്കോളർഷിപ്പ് അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നത്.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് 21-4-2017-ലെ 34/എ 2/2015/പി.സ.വി.വ. നമ്പർ കത്ത്.]

പരമാവധി ലളിതമായും കാര്യക്ഷമമായുമാണ് നിലവിലുള്ള സംവിധാനം പ്രവർത്തിക്കുന്നത്. ഇത് കൂടുതൽ ലളിതമാക്കാനാവുമോയെന്ന് പരിശോധിക്കുന്നതാണ്. വിദ്യാർത്ഥികൾക്കുള്ള അറിയിപ്പ് യഥാസമയം സ്കൂൾ അധികൃതർ മുഖേന നൽകുന്നുണ്ട്.

## ശിപാർശ 8

സ്കോളർഷിപ്പ് വിതരണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി സർക്കാർ തലത്തിൽ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

[ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് 1-2-2019-ലെ സി2/134/2016/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

സ്കോളർഷിപ്പ് വിതരണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി സർക്കാർ തലത്തിൽ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മെറിറ്റ്-കം-മീൻസ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾക്കായി നിലവിൽ കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയവും മോണിറ്ററിംഗ് നടത്തുന്നുണ്ട്.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് 21-4-2017-ലെ 34/എ 2/2015/പി.സ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

നിലവിൽ സ്കോളർഷിപ്പ് വിതരണം സുതാര്യമായ രീതിയിലാണ് നടക്കുന്നത്. ഒ.ബി.സി. പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ ഒ.ഇ.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ എന്നിവയെല്ലാം വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കുന്നത്. ടി സാഹചര്യത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

## ശിപാർശ 9

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന സ്കോളർഷിപ്പ് തുകയും അവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

[ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് 1-2-2019-ലെ സി2/134/2016/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യത്യസ്തമാകയാൽ ഏകീകരണം പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് 21-4-2017-ലെ 34/എ 2/2015/പി.സ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

## ശിപാർശ 10

പിന്നോക്ക സമുദായക്കാർക്ക് നൽകിവരുന്ന സ്കോളർഷിപ്പിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് 21-4-2017-ലെ 34/എ 2/2015/പി.സ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

നിലവിൽ സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ അനുവദിക്കുന്നുണ്ട്. ടി സ്കോളർഷിപ്പ് പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. ഒ.ബി.സി. പ്രീമെട്രിക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾക്കുള്ള വാർഷിക വരുമാന പരിധി യഥാക്രമം 44,500 രൂപ, 1 ലക്ഷം രൂപ എന്നിങ്ങനെയാണ്. നിലവിൽ ഒ.ബി.സി ലിസ്റ്റിലുള്ള 30 സമുദായങ്ങൾക്ക് വാർഷിക വരുമാന പരിധി 6 ലക്ഷം രൂപ കവിയരുതെന്ന

നിബന്ധനയ്ക്ക് വിധേയമായി ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

<u>ശിപാർശ 11</u>

എസ്.സി./എസ്.ടി. വിഭാഗത്തിനുനൽകുന്ന സ്കോളർഷിപ്പുകൾ മൂന്ന് വർഷത്തിലൊരിക്കൽ പരിഷ്കരിക്കുന്നതിന് അനുസൃതമായി പിന്നാക്ക സമുദായങ്ങൾക്കുള്ള സ്കോളർഷിപ്പുകൾ കൂടി പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് 21-4-2017-ലെ 34/എ 2/2015/പി.സ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്]

നിലവിൽ നൽകിവരുന്ന ഒ.ബി.സി. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. ടി സ്കോളർഷിപ്പുകളുടെ നിരക്ക് നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. വാർഷിക വരുമാന പരിധി 6 ലക്ഷം രൂപ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കർഹമായ നിരക്കിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് നൽകിയ 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതുപോലെ പുതുക്കിയ നിരക്കിലുള്ള സ്കോളർഷിപ്പ് ലഭിക്കുന്നുണ്ട്.

<u>ശിപാർശ 12</u>

ഹയർ സെക്കന്ററി തലത്തിലുള്ള പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായത്തോടെ നൽകി വരുന്ന സ്റ്റൈപ്പന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

[ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് 1-2-2019-ലെ സി2/134/2016/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

കേന്ദ്ര സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായമായതിനാൽ സംസ്ഥാന സർക്കാരിന് മാത്രമായി ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ നിർവാഹമില്ല.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് 21-4-2017-ലെ 34/എ 2/2015/പി.സ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.]

ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ നിലവിൽ കേന്ദ്ര പദ്ധതിയായ ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. കേന്ദ്ര സർക്കാരാണ് സ്കോളർഷിപ്പ് തുക നിശ്ചയിച്ചിട്ടുള്ളത്. ടി തുക വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

ചിറ്റയം ഗോപകുമാർ,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2020 മാർച്ച്, 13.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.